# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3554 — 17/12/2015-ന് മറുപടിക്ക്

## പി.എസ്.സി.പരീക്ഷകളിൽ മലയാളം

**ചോദ്യം**
ശ്രീ. എം.എ.ബേബി

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പി.എസ്.സി.നടത്തുന്ന പ്രധാന പരീക്ഷകളിൽ മലയാളം ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. കേരളസർക്കാർ എല്ലാ മേഖലകളിലും പൂർണ്ണമായും ഭരണഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, ലോക്കൽഫണ്ട് ആഡിറ്റ് പരീക്ഷയുടെ സിലബസിൽ നിന്നും മലയാളത്തെ ഒഴിവാക്കിയത് സംബന്ധിച്ച അഭിപ്രായം സർക്കാരിൽ ലഭ്യമാക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടപ്പോൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "ഭരണഭാഷയായ മലയാളം ഉൾപ്പെടുത്തി ബിരുദ നിലവാരത്തിലുള്ള പരീക്ഷ മുൻപ് നടത്തുവാൻ ശ്രമിച്ചപ്പോൾ ചില രാഷ്ട്രീയ കക്ഷികളുടെ എതിർപ്പ് ഉണ്ടാകുകയും, കാസറഗോഡ് ജില്ലയിലെ പരീക്ഷ തടസ്സപ്പെടുത്തുകയും ചെയ്തു. അതിനെ തുടർന്ന് ടി ജില്ലയിൽ തമിഴ്/കന്നട ഭാഷയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി പുന:പരീക്ഷ നടത്തേണ്ടതായി വന്നു. ഇത്തരത്തിൽ മലയാളം/തമിഴ്/കന്നട ഭാഷയിൽ വ്യത്യസ്തമായ ചോദ്യങ്ങൾ നൽകുമ്പോൾ മലയാളത്തെ അപേക്ഷിച്ച് |
| (ബി) | സെക്രട്ടേറിയറ്റ്/ ലോക്കൽ ഫണ്ട് ആഡിറ്റ് പരീക്ഷകളിൽ നിന്നും മലയാളം ഒഴിവാക്കിയ നടപടിയ്ക്കെതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | തമിഴ്/കന്നട ചോദ്യങ്ങൾ വളരെ എളുപ്പമാകയാൽ ഭാഷാ ന്യൂനപക്ഷ വിഭാഗക്കാർക്ക് അനുകൂലമായ അവസ്ഥ ഉണ്ടാകുന്നു എന്ന പരാതിയും ഉണ്ടായിരിക്കുന്നു.<br>ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചതിനു ശേഷമാണ് മലയാള ഭാഷാ ചോദ്യങ്ങൾക്ക് പകരം 'Social welfare programmes and legislations' എന്ന വിഭാഗത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ ബഹു.കമ്മീഷൻ തീരുമാനിച്ചിരിക്കുന്നത്." |
| (സി) | ഭരണഭാഷ മലയാളം ആയതിനാൽ ഇത്തരം പരീക്ഷകളിൽ മലയാളം അടക്കമുള്ള വിഷയങ്ങളിൽ ഒരു രണ്ടാംഘട്ട വിവരണാത്മക പരീക്ഷ കൂടി നടത്തുവാനാവശ്യമായ നടപടി കൈക്കൊള്ളുമോ ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ